## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2660** **06.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ

| | | | |
|---|---|---|---|
| **ചോദ്യം:** | | **മറുപടി:** | |
| **ശ്രീ.റോജി എം.ജോൺ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എൻ.റ്റി.റ്റി.എഫ്.,സി.ബി.പി.എസ്.റ്റി. മുതലായ സ്ഥാപനങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് എന്നറിയിക്കാമോ; | (എ) | എൻ.റ്റി.റ്റി.എഫ്, സി.ബി.പി.എസ്.റ്റി (CIPET) മുതലായ സ്ഥാപനങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി വരുന്നുണ്ട്.<br>1. Diploma in Tool & Die Making<br>2. Diploma in Mechatronics<br>3. Diploma in Computer Engineering<br>4. Diploma in Electronics മുതലായ ഡിപ്ലോമ കോഴ്സുകൾക്ക് പുറമെ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ CPPM (Certificate Programme in Precision Machinist) എന്ന കോഴ്സ് എൻ.റ്റി.റ്റി.എഫ് മുഖേനയും, Machine Operator Plastic Processing എന്ന കോഴ്സ് സി.ബി.പി.എസ്.റ്റി (CIPET) മുഖേനയും നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; | (ബി) | എൻ.റ്റി.റ്റി.എഫ് മുഖേന നടത്തുന്ന മൂന്നു വർഷം കാലദൈർഘ്യമുള്ള വിവിധ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, താമസ/ഭക്ഷണ ചാർജ്ജ്, സ്റ്റേഷനറി എന്നിവയ്ക്കായി ഒരു വിദ്യാർത്ഥിയ്ക്ക് ഒരു വർഷം 1,30,000/- രൂപ വീതം വകുപ്പ് മുഖേന നൽകി വരുന്നുണ്ട്. സി.ബി.പി.എസ്.റ്റി (CIPET) മുഖേന നടത്തുന്ന ആറു മാസത്തെ Machine Operator Plastic Processing എന്ന കോഴ്സിലേയ്ക്ക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, താമസം/ഭക്ഷണം എന്നിവയ്ക്കായി ഒരു വിദ്യാർത്ഥിയ്ക്ക് 83000/- രൂപ വീതം അനുവദിച്ചു നൽകുന്നു.<br>മേൽ കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് സ്ഥാപനം പ്ലെയിസ്മെന്റ് നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദേശത്ത് തൊഴിൽ തേടുന്നവർക്ക് പട്ടികജാതി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | വിദേശത്ത് തൊഴിൽ തേടുന്നവർക്ക് വകുപ്പ് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 50,000/-രൂപയായിരുന്നു ധനസഹായം. ഈ സർക്കാർ ടി തുക 1 ലക്ഷം രൂപയായി ഉയർത്തി. ഇതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതിയുവാക്കളായിരിക്കണം.<br>2) വൈദഗ്ദ്യ ജോലിയ്ക്ക് (Skill labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും, കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്/യൂണിവേഴ്സിറ്റി/ സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ളവ ആയിരിക്കണം.<br>3) അപേക്ഷകർ ഇൻഡ്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.<br>4) വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭിച്ചിരിക്കണം.<br>5) എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.<br>6) അവിദഗ്ദ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും.<br>7) വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.<br>8) ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ടി ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>9) അപേക്ഷകർ 20 നും 45 നും മധ്യേ പ്രായമുള്ളവരായിരിക്കണം.<br>10) ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും, വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകണമെന്ന വ്യവസ്ഥയിൽ ടിക്കറ്റ് ചാർജ്ജുൾപ്പെടെ 60% തുക മുൻകൂർ ആയി നൽകുന്നതാണ്.<br>11) ഗുണഭോക്താവ് ഉദ്ദേശിച്ച വിദേശ രാജ്യത്ത് എത്തിയെന്ന് തെളിയിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പിന്റെ കോപ്പിയുമായി അപേക്ഷ നൽകിയാൽ ബാക്കി തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ